പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244 03.02.2020 -ൽ മറുപടിക്ക്

## ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യ വകുപ്പ് പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | മറുപടി<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ആസ്ഥാന ആശുപത്രി തലങ്ങളിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രറി, ഡെന്റൽ യൂണിറ്റ് ശാക്തീകരണം എന്നീ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്. |

| തസ്തിക | എണ്ണം |
|---|---|
| സ്റ്റാഫ് നേഴ്സ് | 2 |
| ലാബ് ടെക്നീഷ്യൻ | 1 |
| ജൂനിയർ കൺസൾട്ടന്റ് O &m | 1 |
| കാഷ്യാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| ഇ.സി.ജി ടെക്നീഷ്യൻ | 1 |
| ഡെന്റൽ മെക്കാനിക്ക് | 1 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 |

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കിഴക്കഞ്ചേരി, വണ്ടാടി ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് ഗ്രേഡ് 2-1, ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 -1 , ഫാർമസിസ്റ്റ് -1 എന്നീ തസ്തികകളും മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ആർദ്രം രണ്ടാം ഘട്ടത്തിൽ തേൻകുറിശ്ശി, കുനിശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുനിശ്ശേരി എഫ്.എച്ച്.സി യിൽ ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും തസ്തികകളും, തേൻകുറിശ്ശി എഫ്.എച്ച്.സിയിൽ

| | | | |
|---|---|---|---|
| | | | ഒരു സ്റ്റാഫ് നഴ്സിന്റെ തസ്തികയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | താലൂക്ക് ആശുപത്രി ആലത്തൂരിന്റെ മെഡിക്കൽ റെക്കോർഡ് ലൈബ്രറി, ഡെന്റൽ യൂണിറ്റ് ശാക്തീകരണം എന്നീ പദ്ധതികൾ പൂർത്തികരിച്ചിട്ടുണ്ട്. |

| സ്ഥാപനത്തിന്റ പേര് | പദ്ധതികളുടെ നിലവിലെ സ്ഥിതി |
|---|---|
| കുടുംബാരോഗ്യകേന്ദ്രം, കീഴഞ്ചേരി | കുടുംബാരോഗ്യകേന്ദ്രത്തിന്റേതായ എല്ലാ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| കുടുംബാരോഗ്യകേന്ദ്രം, വണ്ടാഴി | കുടുംബാരോഗ്യകേന്ദ്രത്തിന്റേതായ എല്ലാ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| പി.എച്ച്.സി. കനിശ്ശേരി | 30% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| പി.എച്ച്.സി, തേങ്കുറിശ്ശി | 30% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചു. വെയിറ്റിംഗ് ഏരിയ നിർമ്മാണ പ്രവർത്തനങ്ങൾ . പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**